കൂടാതെ എറണാകുളത്ത് കമ്പനിയുടെ കോർപ്പറേറ്റ് ഓഫീസും പ്രവർത്തിക്കുന്നുണ്ട്.

(ബി) കുണ്ടറ യൂണിറ്റിൽ 388-ഉം മാമല യൂണിറ്റിൽ 291-ഉം ഒലവക്കോട് യൂണിറ്റിൽ 35-ഉം കാസർഗോഡ് യൂണിറ്റിൽ 240-ഉം എറണാകുളത്തെ കോർപ്പറേറ്റ് ഓഫീസിൽ 77-ഉം ജീവനക്കാർ ഉണ്ട്.

(സി) 200 പേർ കഴിഞ്ഞ 5 വർഷത്തിനിടയിൽ വി.ആർ.എസ്. എടുത്തു.

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിൽ നിന്നും ഇതുവരെ കെല്ലിന് 37.33 കോടി രൂപയ്ക്കുള്ള ഓർഡറുകൾ ലഭിച്ചിട്ടുണ്ട്.

മലബാർ സിമന്റ്സിന് ഏജൻസി അനുവദിക്കുന്നതിനുള്ള മാനദണ്ഡം

14 [2786] ശ്രീ. സി. കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലബാർ സിമന്റ്സിന് ഏജൻസി അനുവദിക്കാൻ സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ എന്തൊക്കെയാണ്;

(ബി) കമ്മീഷൻ വ്യവസ്ഥയിലാണോ ഏജൻസി നൽകുന്നത്; എങ്കിൽ എന്തൊക്കെയാണ് വ്യവസ്ഥകൾ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കേരള സർക്കാരിന്റെ വിൽപ്പന നികുതി രജിസ്ട്രേഷൻ ഉണ്ടായിരിക്കണം, സ്വന്തമായി ഗോഡൗൺ സൗകര്യം ഉണ്ടായിരിക്കണം, പ്രതിമാസം കുറഞ്ഞത് 50 ടൺ എങ്കിലും സിമന്റ് വ്യാപാരം ചെയ്യാനുള്ള പ്രാപ്തി ഉണ്ടായിരിക്കണം, 50000 രൂപ സെക്യൂരിറ്റി നൽകണം (ഇതിന് 6 ശതമാനം പലിശ കമ്പനി നൽകും), നഗരമോ, പട്ടണമോ അല്ലെങ്കിൽ 10 കിലോ മീറ്ററിനുള്ളിൽ നിലവിൽ മലബാർ സിമന്റ്സിന്റെ ഏജൻസി ഉണ്ടാകരുത് എന്നിവയാണ് മലബാർ സിമന്റ്സ് ഏജൻസി അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ.

(ബി) ഏജൻസികൾക്ക് കമ്പനി കമ്മീഷനൊന്നും നൽകാറില്ല. എന്നാൽ അവർക്ക് ഏകദേശം 3 ശതമാനം ആദായം ലഭിക്കത്തക്ക രീതിയിലാണ് വില നിശ്ചയിച്ചുകൊടുക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly